Roll No. | | | | | |

# INDIAN SCHOOL SALALAH

## FIRST TERM EXAMINATION – SEPTEMBER 2024

## (MALAYALAM -012)

**Class: 9** | **Date: 24. 09. 2024**

**Time: 3Hrs** | **Maximum Marks: 80**

---

**This Question Paper is divided into 2 Sections.**

**Section A : Reading Comprehension**

**: Vocabulary Building & Prose Poetry MCQ : 40 Marks**

**Section B : Grammar, Composition &**

**: Literature ( Prose, Poetry& Non-Detailed) : 40 Marks**

---

## എ വിഭാഗം / SECTION A

**I. തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(8 X 1 =8 )**

തേന്മണിച്ചെറു മാകന്ദമൊട്ടു
തൂമണം താവും പൂംപൊട്ടുതൊട്ടു
പൂന്തിങ്കൾ കുളിർപ്പാലിളന്നീരു -
മേന്തിച്ചെന്തെങ്ങൊന്നാടിക്കുഴഞ്ഞു !
മഞ്ഞപ്പട്ടിൽപ്പൊതിഞ്ഞതാം വാഴ -
കുഞ്ഞു കായ്കളിലണ്ണകൾ തത്തി!

(P.T.O)

കാട്ടിൽ നിന്നിഹാ കൊയ്ത്തിനു വാട്ടം
തട്ടാതെത്തിപ്പൊൻ പൈങ്കിളിക്കൂട്ടം
പൊങ്ങുമാനന്ദപ്പാൽക്കടൽ പെറ്റ -
തിങ്കൾക്കീറുകൾ മങ്കമാരെല്ലാം
കൂടുമാധികളൊക്കെയും വിട്ടു
കൂരിരുട്ടറ വിട്ടെഴുന്നേറ്റു

## ചോദ്യങ്ങൾ

(a ) പൂം പൊട്ടു തൊട്ടതാര് ?

(b ) ചെന്തെങ്ങ് ആടിക്കുഴഞ്ഞതെങ്ങനെ ?

(c ) അണ്ണകൾ തത്തിയതെവിടെ ?

(d ) കൊയ്ത്തിനു വന്നതാര് ?

(e ) ആധികളൊക്കെ വിട്ടതാര്?

(f ) "ചന്ദ്രൻ" എന്ന പദത്തിന് പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കേത് ?

(g ) മഞ്ഞപ്പട്ടിൽ പൊതിഞ്ഞു നിൽക്കുന്നതെന്ത്?

(h ) ഈ കവിതക്ക് ഉചിതമായ ഒരു "ശീർഷകം" നൽകുക ?

**2. തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക** **(7 x 1 = 7 )**

അമ്മ മന്ദമായാട്ടുന്ന തൊട്ടിലിൽ -
ത്തന്മകളുണ്ടുറങ്ങിക്കിടക്കുന്നു.
കാറ്റുലയ്ക്കും സരസ്സിൻറെയോളത്തിൽ-
ക്കാണുമാമ്പലമൊട്ടെന്നപോലവേ.
എത്തിനോക്കുന്നു വാതായനം വഴി -
ക്കെട്ടുപത്തു നക്ഷത്രക്കുരുന്നുകൾ.

ചെറ്റുചെറ്റിളകീടുമത്തൊട്ടിലിൻ-
ചുറ്റളികളിലൂടെയകം പൂകി
മേൽക്കുമേൽ വിതറീടുന്നു ചമ്പക-
പ്പൂക്കളെ സ്വയമന്തിവിളക്കൊളി.
ഏതു തേജസാ, പൂജിതമല്ല നിൻ -
നൂതനോദയ സൗഭഗം ബാല്യമേ !

**ചോദ്യങ്ങൾ**

(a) ആരാണു തൊട്ടിലിൽ ഉറങ്ങിക്കിടക്കുന്നത് ?

(b) കുഞ്ഞിനെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?

(c) ആരാണ് എത്തിനോക്കുന്നത് ?

(d) ചമ്പകപ്പൂക്കൾ വിതറുന്നതാര് ?

(e) നൂതനോദയ സൗഭഗമെന്ന് പറയുന്നതെന്തിനെ ?

(f) ചെറ്റ് ഇളകീടുന്നതെന്ത്?

(g) തൊട്ടിൽ ആട്ടുന്നതാര് ?

**3 . തന്നിരിക്കുന്ന എട്ട് ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക** **( 7x 1 = 7 )**

(a) "യാത്ര" - എന്ന പദത്തിൻറെ പര്യായപദങ്ങൾ ഏതെല്ലാം ?

( വാഴ്ച, സഞ്ചാരം, നോട്ടം, യാനം )

(b) " നിർജീവം" - വിപരീതപദം ഏത്?

( ജീവം, സജീവം, അജീവം, സുജീവം )

(c) "നാൾ" - ഈ വാക്കിൻറെ നാനാർത്ഥങ്ങൾ ഏതെല്ലാം ?

( വേര്, ദിവസം, നക്ഷത്രം, പോര് )

(d) "മഹാൻ" - എതിർലിംഗം എന്ത് ?

( മഹി, മഹതി, മഹിതി, മാഹതി )

(e) "കർമ്മം - കൂർമ്മം" ഇവയുടെ അർഥവ്യത്യാസം ഏതെല്ലാം ?

(സുഖം, പ്രവൃത്തി, പൊട്ട്, ആമ )

(f) "സഹോദരൻ"- എങ്ങനെ പിരിച്ചെഴുതാം ?

(സഹോ + ദരൻ, സ + ഓദരൻ, സഹ + ഉദരൻ, സഹ + ദരൻ )

(g) "സ്വച്ഛനിദ്ര" - വിഗ്രഹിക്കുന്നതെങ്ങനെ ?

(സ്വച്ഛത്തിൻറെ നിദ്ര, സ്വച്ഛമായ നിദ്ര, സ്വച്ഛംപോലെ നിദ്ര, സ്വച്ഛത്തിലെ നിദ്ര )

(h) "മഹി" - എന്ന് അർത്ഥം വരാത്ത പദമേത് ?

(ഭൂമി, ദുഃഖം, ധര, ക്ഷിതി )

**4. തന്നിരിക്കുന്ന പതിനൊന്ന് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക . ഓരോന്നിനും 2 മാർക്കുവീതം** **( 9 x 2 = 18 )**

(a) "ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ"

(i) ആരാണ് ഹിതം ചെയ്യുന്നത് ?

(മനുഷ്യൻ, ദീപപ്രഭ, പൊരുള്, ഈശ്വരൻ )

(ii) എന്തിനു വേണ്ടിയാണെന്നാണ് കവി പറയുന്നത് ?

(വിശ്രമിക്കാൻ, ദീപം കൊളുത്താൻ, തീക്കോലുരക്കാൻ, ഇരുട്ടകറ്റാൻ )

(b) (i) താഴെ പറയുന്നതിൽ ഗാനരചയിതാവായ കവിയാര് ?

(ഉള്ളൂർ, വള്ളത്തോൾ, പി . ഭാസ്ക്കരൻ, കുമാരനാശാൻ )

(ii) ഗ്രാമവീഥിയിൽ താമരക്കുളം നോക്കി ഗമിച്ചതാര് ?

(കാളകൾ, വണ്ടിക്കാരൻ, കന്യകമാർ , കൃഷിക്കാർ )

(c) " പരീക്ഷ അടുത്ത സമയമായതുകൊണ്ട് എന്നെ വിട്ടുപിരിയാതെ കൂടിയിരിക്കുകയാണ്"

(i) ഇതിൽ എന്നെ എന്ന് സൂചിപ്പിച്ചിരിക്കുന്നത് ആരെയാണ് ?

(യതിയെ, ദാമോദർ ഗാവുങ്കറെ, കാന്റീനെ, മില്ലുടമയെ )

(ii) ആരാണ് വിട്ടുപിരിയാതെ കൂടിയിരിക്കുന്നത് ?

(അമ്മ, യതി, കർത്താർ സിങ്, ദാമോദർ ഗാവുങ്കർ )

(d)" ഒട്ടേറെ അപൂർവ്വമായ് കേട്ടിടാം"

(i) അപൂർവ്വമായ് കേൾക്കാൻകഴിയുന്നതെന്ത് ?

(ഞരക്കം, മൂളുന്ന പാട്ട്, വിലാപം, ചാട്ടവാറിൻറെ അടി )

(ii) ഈ വരികൾ ഏത് കൃതിയിലേതാണ് ?

(ഒരിക്കൽക്കൂടി, മുൾക്കിരീടം, ഓർക്കുക വല്ലപ്പോഴും, ഇനി ഞാൻ ഉറങ്ങട്ടെ )

(e) (i) " ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും " - ഈ വരി എന്തിനെ സൂചിപ്പിക്കുന്നു.

( ഇന്ത്യാ മഹാരാജ്യത്തിൻറെ വിഭജനം, ടാക്സി ഡ്രൈവറുടെ പെരുമാറ്റം, രണ്ട് അനുഗ്രഹങ്ങൾ, കാന്റീൻ പുസ്തകത്തിലെ ഉദ്ധരണി )

(ii) "അമ്മ"- ഈ അക്ഷരത്തിൽ നിറഞ്ഞുനിൽക്കുന്ന ഭാവമെന്ത് ?

(മാനവികതയുടെ ആത്മാവ്, മാതൃസ്നേഹം, മാനവസ്നേഹം, ഭക്തി )

(f) "ഇരുട്ട് തൽക്കാലം അകറ്റി"

(i) ആരാണ് ഇരുട്ടിനെ തൽക്കാലം അകറ്റിയത് ?

(മഹി, നിശ, മനുഷ്യൻ, ഈശൻ )

(ii) എന്ത് ഉപയോഗിച്ചാണ് ഇരുട്ടിനെ തൽക്കാലം അകറ്റിയത് ?

(മിന്നാമിനുങ്ങിനെ, ഉഡുപംക്തിയെ, സൂര്യനെ, ദീപപ്രഭയെ )

(g) " എനിക്ക് കൗതുകമായി"

(i) ആർക്കാണ് കൗതുകമായത് ?

(ടാക്സി ഡ്രൈവർക്ക്, യതിക്ക്, സ്റ്റേഷൻമാസ്റ്റർക്ക്, വെയിറ്റർക്ക് )

**(P.T.O)**

(ii )കൗതുകം തോന്നാൻ കാരണമെന്ത് ?

( ദാദറിലേക്ക് മടങ്ങാമെന്ന് തീരുമാനിച്ചതിനാൽ, വിദ്യാർത്ഥി സുഹൃത്തുക്കളെ കണ്ടതിനാൽ, വെസ്റ്റേൺ ഫിലോസഫി പറഞ്ഞു കേട്ടതിനാൽ, ഡ്രൈവറുടെ അടുത്ത് ഇരിക്കാൻ കഴിഞ്ഞതിനാൽ )

(h )" നിർവികാരങ്ങളാക്കണ്ണുകൾ"

(i ) കണ്ണുകൾ നിർവികാരങ്ങളാകാൻ കാരണമെന്ത് ?

( ദുർവിധിയായിട്ട്, മിഴിനീർ വറ്റിയതിനാൽ, നിർവികാരമായി, നിർജീവമായി )

(ii ) ആരുടെ കണ്ണുകളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത് ?

( കാളകളുടെ, കവിയുടെ, വണ്ടിക്കാരൻറെ, കന്യകമാരുടെ )

(i )"സൂര്യാംശുദീപ്തം പകൽപോലെ തന്നെ"

(i ) ഈ വരികൾ ആരുടേതാണ് ?

( ഉള്ളൂർ, വള്ളത്തോൾ, പി.ഭാസ്ക്കരൻ, വയലാർ )

(ii ) ഈ വരി ഏത് കവിതയിലേതാണ് ?

( നവയുഗോദയം, കൽപ്പശാഖി, വിശ്വം ദീപമയം, കാളകൾ )

(j )"മഹാത്മജി" അങ്ങ് ഒട്ടും വിഷമിക്കരുത് ?

(i ) ഇവിടെ മഹാത്മാജി എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണ് ?

( സ്റ്റേഷൻ മാസ്റ്റർ, ഡ്രൈവർ, യതി, കർത്താർ സിങ് )

(ii ) ആരാണ് ഇങ്ങനെ പറഞ്ഞത് ?

( യതി, ഡ്രൈവർ, സ്റ്റേഷൻമാസ്റ്റർ, വെയിറ്റർ )

(k )" മറ്റൊരുവണ്ടിക്കാള മാനുഷാകാരംപൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ"

(i ) മറ്റൊരുവണ്ടിക്കാളയുടെ ഇരിപ്പ് എങ്ങനെയാണെന്നാണ് കവി പറഞ്ഞിരിക്കുന്നത് ?

(മനുഷാകാരം പൂണ്ട്, കൂനിക്കൂടി, ദയാർഹമായി, വിലാപത്തോടെ )

(ii) വണ്ടിക്കാരൻറെ മൃതദേഹം വഹിച്ച കട്ടിലും പേറിക്കൊണ്ട് ഇഴഞ്ഞു മുന്നേറിയതാര് ?

(ഗ്രാമവാസികൾ, നാലു കാളകൾ, കവി, രണ്ടു കാളകൾ )

## ബി വിഭാഗം / SECTION B

**5 (a) പ്രയോഗം മാറ്റുക** **( 2 x 1 =2)**

(i) ഞാൻ ആ വെയിറ്റർക്ക് നൂറുരൂപ സമ്മാനമായി കൊടുത്തു.

(ii) അതെല്ലാം മാസ്റ്റർ അടുത്ത സ്റ്റേഷനിലെ മേധാവിയെ അറിയിച്ചു.

**(b) അംഗവാക്യം - അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക** **( 2 x 1 =2)**

(i) വീണ്ടും ജീവിക്കാൻ അവസരം തന്നത് ടാക്സി ഡ്രൈവർ എന്ന പദവിയാണ്.

(ii) എൻറെ മനസ്സിൻറെ ദാർഢ്യം തത്ത്വചിന്തയിൽ നിന്നും ലഭിച്ചതാണ്.

**(c) അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കുക** **( 1 x 1 =1)**

(i) വിഭജനസമയത്ത് എനിക്കെൻറെ അച്ഛനും സഹോദരനും നഷ്ടപ്പെട്ടു.

**(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(1 x 1 =1)**

(i) അന്യോന്യം പരസ്പരം ആദരവുകലർന്ന ഒരു സ്നേഹമാണ് അന്നു തോന്നിയിരുന്നത്.

**(e) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം വാക്യത്തിൽ പ്രയോഗിക്കുക** **(2 x 1 = 2)**

(i) മനസ്സിലായി (ii) സമർപ്പിക്കുക (iii) അവസാനം

**6 (a) താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക** **5**

(i) കുട്ടികളുടെ പഠനത്തിൽ മാതാപിതാക്കളുടെ പങ്ക്

(ii) യുദ്ധം വരുത്തുന്ന നാശങ്ങൾ

(b) തുടർച്ചയായി ഉണ്ടാകുന്ന വീട്ടുസാധനങ്ങളുടെ വിലവർദ്ധനവ് കുടുംബത്തിലെ ജീവിതച്ചെലവ് വർധിപ്പിക്കുന്നു . ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക **5**

(c) വയനാട്ടിൽ ഉണ്ടായ പ്രകൃതി ദുരന്തം നിങ്ങൾ നേരിട്ട് പോയിക്കണ്ടു മനസ്സിലാക്കിയെന്ന് കരുതുക. അതിൻറെ അടിസ്ഥാനത്തിൽ ഒരു പത്രവാർത്ത തയ്യാറാക്കുക 4

7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ഓരോന്നിനും 3 മാർക്ക് വീതം

(2 x 3 = 6 )

(i ) " ജീവിതത്തിൽ ആപത്ത് ആർക്കുമുണ്ടാകും. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്"- സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക ?

(ii ) "പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയെന്നാണ്." ഈ തോന്നലിന് കാരണമായ സന്ദർഭമേത് ? വിശദമാക്കുക

(iii )" ടാക്സി റോഡരികിൽ ചേർത്ത് നിർത്തിച്ചിട്ട് ഞാൻകൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു "- ഇങ്ങനെ ചെയ്യാൻ ലേഖകനെ പ്രേരിപ്പിച്ചതെന്ത് ?

8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ഓരോന്നിനും 3 മാർക്ക് വീതം

(2 x 3 = 6 )

(i ) "ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടു ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രംഗം". - സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക ?

**(P.T.O)**

(ii ) മിന്നാമിനുങ്ങിൻറെ പ്രവൃത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശമെന്ത് ?

(iii ) "കാളകൾ" എന്ന ശീർഷകത്തിൻറെ ഔചിത്യം പരിശോധിക്കുക ?

9. ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക

(2 x 3 =6 )

(i )നരേന്ദ്രൻറെ കൂർമ്മബുദ്ധിക്ക് നിദാനമായ ഒരു സംഭവം വിവരിക്കുക ?

(ii ) എല്ലാവരേയും സമന്മാരായി കാണുന്നതിലായിരുന്നു നരേന്ദ്രന് താല്പര്യം "- വിശദീകരിക്കുക ?

(iii ) ഏത് പ്രശ്നത്തേയും യുക്തിയോടും സമചിത്തതയോടും കൂടി നേരിടുന്ന ആളായിരുന്നു നരേന്ദ്രൻ - വിശദീകരിക്കുക ?